1.7.3 പൊതു കിണറുകൾ

ക്രമ നമ്പർ	പേര് & സ്ഥലം
1	ഹരിജൻ കോളനി റോഡ്, അയനിക്കുണ്ട് ചാൽ
2	ചെറുകുളമ്പ് സ്കൂൾ യു.പി.
3	കമ്പിവളപ്പ്
4	കുഴിങ്ങര പറമ്പ്
5	ചെറുകുളമ്പ് സ്കൂളിന് സമീപം
6	ഒറേൽ പള്ളിയിൽ
7	ഹരിജൻ കോളനി റോഡ് അയനിക്കുണ്ട് ചാൽ
8	സബ് സെന്റർ കുറുവ (മുല്ലപ്പള്ളി)
9	പോളിയോ നിർമാർജന യജ്ഞ കേന്ദ്രം
10	ചണ്ടക്കോട്
11	തെക്കേക്കര
12	നീലി ചോല കുളമ്പ്
13	കട്ടുപാറ
14	പൂക്കോട് ലക്ഷം വീട്.
15	ചന്തപറമ്പ
16	തോട്ടക്കര കൂൾ കിണർ
17	കുട്ടിനിരപ്പ്
18	മുല്ലപ്പള്ളി പമ്പ് ഹൗസ് ജലനിധി
19	കുറുവ കൂട്ടിലങ്ങാടി ജനകീയ ജലസേ ചന പദ്ധതി
20	ചെറുകുളമ്പ് എൽ.പി. സ്കൂൾ
21	പി.എച്ച്.സി.
22	അമ്പലപ്പറമ്പ കിണർ
23	മില്ലുംപടി
24	അമ്പലപ്പറമ്പ ഹൈസ്കൂൾ

1.7.4 കടലുണ്ടിപ്പുഴ

മലപ്പുറം ജില്ലയിലെ പ്രധാന ജലസ്രോതസ്സുകളിൽ ഒന്നായ കടലുണ്ടിപ്പുഴ ഏകദേശം 130 കിലോമീറ്റർ ദൂരത്തോളം ഒഴുകി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ ഒഴുകി ഒടുവിൽ കടലുണ്ടിക്കായലിൽ ചേർന്ന് അറബിക്കടലിൽ കലരുകയും ചെയ്യുന്നു.കുറുവ ഗ്രാമപഞ്ചായത്തിന്റെ തെക്ക് അതിർത്തിയിലൂടെയാണ് കടലുണ്ടിപ്പുഴ ഒഴുകുന്നത്. പഞ്ചായത്തുമായി 400 മീറ്റർ അതിർത്തി പങ്കെടുന്ന പുഴ പ്രദേശവാസികളുടെ ദൈനംദിന ജീവിതത്തെ സ്വാധിനിക്കുകയും ചെയുന്നു പഴമക്കാലം മുതൽ കൃഷിക്കും, കുടിവെള്ളത്തിനും, ഗൃഹോപയോഗത്തിനും, മത്സ്യബന്ധനത്തിനും പ്രധാനമായ ജലസ്രോതസ്സായാണ് ഉപയോഗിക്കപ്പെട്ടുന്നത് .

1.7.5 ചെറുപുഴ

താഴെക്കോട് ഗ്രാമപഞ്ചായത്തിലെ അമ്മിനിക്കാട് മലയിൽ നിന്ന് ഉത്ഭവിച്ച് അങ്ങാടിപ്പുറം, മങ്കട, കുറവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകി കൂട്ടലങ്ങാടി പഞ്ചായത്തിലെ തട്ടാർമണ്ണ എന്ന പ്രദേശത്ത് വെച്ച് കടലുണ്ടിപ്പുഴയിൽ ചേരുന്ന തോടാണ് ചെറുപ്പുഴ. കുറുവ ഗ്രാമപഞ്ചായത്തിന്റെ വടക്ക് ഭാഗങ്ങളായ കരിഞ്ചാപ്പാടി ,വറ്റലൂർ , കുറുവ ,കീരംക്കുണ്ട് ,എന്നി പ്രദേശങ്ങളിലൂടെ ഒഴുകി കൂട്ടിലങ്ങാടി പഞ്ചായത്തിലേക്ക് കടന്ന് കടലുണ്ടി പുഴയിൽ ചേരുന്നു . ചെറുപുഴ ഈ പ്രദേശത്തിന്റെ പരിസ്ഥിതിക സമൃദ്ധിയിൽ അനിവാര്യ പങ്കുവഹിക്കുന്നു. വർഷത്തിൽ പ്രധാനമായും തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്തു ലഭിക്കുന്ന മഴയാണ് ഇതിന്റെ ജലപ്രവാഹത്തിന് ആധാരം. മഴക്കാലത്ത് ചെറുപുഴ നിറഞ്ഞൊഴുകി സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കം സൃഷ്ടിക്കാറുണ്ട്. വേനൽക്കാലത്ത് ചെറുപുഴയിലെ ജലനിരപ്പ് കുറയുമ്പോൾ പ്രദേശത്തെ ചെറിയതോതിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്

1.7.6 ജലസേചന നിർമ്മിതികൾ

1.7.6.1 Vented Cross Bars (VCB)


അരുവികളിൽ നിന്ന് നേരിട്ട് ജലസേചനം സാധ്യമല്ലാത്ത ഡിസ്ചാർജ് ഏരിയകളിലാണ് വിസിബികൾ സാധാരണയായി രൂപകൽപന ചെയ്തിരിക്കുന്നത്. തോടുകൾക്ക് കുറുകെയാണ് വിസിബികൾ നിർമ്മിച്ചിരിക്കുന്നത്. ബെഡ് നിരപ്പിൽ നിന്നും ശരാശരി 2.5 മീറ്റർ ഉയരത്തിൽ റീ-ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. കുറഞ്ഞത് 2 വെന്റുകളെങ്കിലും ഉണ്ടാകും മഴക്കാലത്ത് ഒഴുകുന്ന വെള്ളവും ചെളിയും പുറന്തള്ളാൻ തടി ഷട്ടറുകൾ സജ്ജീകരിച്ചിരിക്കുന്നു ഗുരുത്യാകർഷണത്താൽ വയലുകളിലേക്ക് ഒഴുകുന്ന, വിസിബിക്ക് പിന്നിൽ ഉയർത്തിയ വെള്ളം വിതരണം ചെയ്യുന്നതിനായി മൺകനാലുകൾ നിർമ്മിച്ചിരിക്കുന്നു. മൺകനാലുകൾക്ക് പലപ്പോഴും കേടുപാടുകൾ സംഭവിക്കുകയും നെൽവയലുകളിൽ വൻതോതിൽ മണലും ചെളിയും അടിഞ്ഞുകൂടുകയും ചെയ്യുന്നതിനാൽ മൺകനാലുകൾ സംരക്ഷിക്കുന്നതിനായി വിസിബിയുടെ മുകൾഭാഗത്തും കനാലുകളിലും സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.



നാറാണത്ത് VCB


1.7.7. കേരള ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം

മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ നിലാപ്പറമ്പ് കടവിലുള്ള10 മീറ്റർ വ്യാസമുള്ള കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എടുത്ത് തുടിയാറാത്തുക്കുന്നിലുള്ള **15 MLD** ശേഷിയുള്ള ജലശുചികരണ ശാല യിൽ എത്തിച്ച് ശുചികരണ പ്രക്രിയകൾക്ക് ശേഷം മൂർക്കനാട് ,പുഴക്കാട്ടിരി,കുറുവ ,മങ്കട ,കൂട്ടിലങ്ങാടി ,മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള ജല സംഭരണികളിൽ എത്തിച്ച് 25000 വീടുകളിലേക്ക് വിതരണം ചെയുന്നു .



1.8 വിവിധ മാപ്പുകൾ

1.8.1. വരള്ച്ച സാധ്യത പ്രദേശങ്ങൾഒരു പ്രദേശത്തെ വരള്ച്ചയുടെ സ്വഭാവത്തെ ഈ മാപ്പില് നിന്ന് മനസ്സിലാക്കാം**.** വരൾച്ചയെ **4** രീതിയിലാണ് തരം തിരിച്ചിരിക്കുന്നത് എന്ന് ലെജിൻഡ്സിൽ നിന്ന് മനസ്സിലാക്കാം**.**



1.8.2 സാറ്റലൈറ്റ് മാപ്പ്

ഈ തരത്തിലുള്ള മാപ്പുകൾ ആ പ്രദേശത്തെ ആകാശത്തിൽ വെച്ച് വീക്ഷിച്ചാൽ എങ്ങനെ ഇരിക്കും, ആ രീതിയിൽ കാണാം. ഇതിൽ നിന്ന് ഭൂവിനിയോഗം, ജലസ്രോതസ്സുകൾ, റോഡുകൾ, കെട്ടിടങ്ങൾ, തുടങ്ങിയവയെല്ലാം മനസ്സിലാക്കാനാവും.

